പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3915 18-10-2011ൽ മറുപടിക്ക്

ഇന്റർ നാഷണൽ സ്കൂൾ ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ | പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പുമന്ത്രി) |

ഇന്റർ നാഷണൽ സ്കൂൾ ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സിന്റെ പ്രവർത്തനപുരോഗതി വിശദീകരിക്കാമോ?

ഇന്റർ നാഷണൽ സ്കൂൾ ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സ് ദ്രാവിഡ ഭാഷകളുടെ പരസ്പരബന്ധം, ചരിത്രം, സംസ്ക്കാരം എന്നിവ സംബന്ധിച്ച് ഗവേഷണപഠനങ്ങൾക്കായി പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ്.

ഈ സ്ഥാപനം കഴിഞ്ഞ കാലങ്ങളിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

1. ദ്രവീഡിയൻ എൻസൈക്ലോപീഡിയ (3 വാല്യം), ട്രൈബൽ എൻസൈക്ലോപീഡിയ (3 വാല്യം), ഈഴവതീയ ഭാഷാ സർവ്വെ ഉൾപ്പെടെ 106 പുസ്കതങ്ങൾ ഇന്റർ നാഷണൽ സ്കൂൾ ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സ് വഴി പ്രസിദ്ധീകരിച്ചിട്ടുണ്ട്.
2. ഇന്റർ നാഷണൽ ജേണൽ ഓഫ് ദ്രവിഡിയൻ ലിംഗ്വിസ്റ്റിക്സ് ആണ്ടിൽ രണ്ടെന്ന തോതിൽ കഴിഞ്ഞ 40 വർഷമായി പ്രസിദ്ധീകരിച്ച് പോരുന്നു.
3. ഡി. എൽ.എ. ന്യൂസ് മാസംതോറും

ഭാഷാ ശാസ്ത്ര രംഗത്തെ വാർത്തകൾ ഉൾക്കൊള്ളിച്ച് പ്രസിദ്ധീകരിക്കുന്നു.

4. 39 -ാം മത് ആൾ ഇൻഡ്യാ കോൺഫറൻസ് ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സ് 2011 - ജൂണിൽ പാട്ട്യലയിലെ പഞ്ചാബി യൂണിവേഴ്സിറ്റിയിൽ വെച്ച് നടന്നു.

5. ഈ സ്ഥാപനത്തിലെ ബംഗാളിയൂണിറ്റ് ബംഗാളികൾ അല്ലാത്തവർക്ക് വേണ്ടി ഹ്രസ്വകാല ദീർഘകാല ബംഗാളി ഭാഷാപഠന ക്ലാസ്സുകൾ നടത്തുന്നുണ്ട്.

6. തമിഴ്നാട്ടിലെ ഇന്റർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തമിഴ് സ്റ്റഡീസ്, സെന്റർ ഫോർ ക്ലാസിക്കൽ തമിഴ്, മൈസൂറിലെ സി.ഐ.ഐ.എൽ. എന്നിവയുടെ സഹകരണത്തോടു കൂടി 2010-2011 കാലയളവിൽ ദ്രാവിഡഭാഷകളിൽ കോഴ്സ്സുകൾ നടത്തി.

കൂടാതെ ഹൈസ്ക്കൂൾ, പ്ലസ്ടു തലത്തിൽ പ്രവർത്തിക്കുന്ന തമിഴ്, സംസ്കൃതം, മലയാളം അദ്ധ്യാപകർ ക്കായി ഭാഷാശാസ്ത്രത്തിൽ ഒറിയന്റേഷൻ കോഴ്സ്സുകളും നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ